(എഫ്)ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) ഇത് വനം വകുപ്പിന്റെ പരിഗണനയിലാണ്. നിലവിലുള്ള വന്യജീവി സംരക്ഷണ നിയമത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ ഇതിന്റെ സാധ്യതയും പരിശോധിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്)ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ഈ വർഷം നിരത്തിലിറക്കുന്ന ബസ്സുകൾ

63 (339)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു; ഓരോ ജില്ലയിലും എത്ര വീതം എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനെല്ലാം കൂടി എത്ര രൂപ വേണ്ടിവരും;

(സി) ഇതിനുള്ള തുക ഏത് രീതിയിൽ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-2001 വർഷത്തിൽ പുതിയതായി 1200 ബസ്സുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നു. ഓരോ ജില്ലയിലേയും ആവശ്യാനുസരണം പുതിയ സർവ്വീസ് തുടങ്ങുന്നതിനായി പ്രസ്തുത ബസ്സുകൾ നൽകുന്നതാണ്.

(ബി) ഇതിന് ഏകദേശം നൂറ്റി ഇരുപത് കോടി രൂപ വേണ്ടി വരും.

(സി) സർക്കാരിൽ നിന്നുള്ള ധനസഹായവും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയും കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തിന്റെ ഭാഗവും ഇതിനായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

64 (344)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കായി എത്ര ദീർഘദൂര സർവ്വീസുകൾ നടത്തുന്നുണ്ട്; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര അന്തർ സംസ്ഥാന സർവ്വീസ്സുകൾ ഈ സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; അവ ഏതെല്ലാം;

(സി) ഈ ഡിപ്പോയിൽ നിന്നും എത്ര സിറ്റി, ലോക്കൽ ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്;

(ഡി) ഈ സർവ്വീസുകൾ ജില്ലയിൽ നിന്നുള്ള യാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പര്യാപ്തമല്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇവിടെ നിന്നും കൂടുതൽ അന്തർ സംസ്ഥാന, അന്തർ-ജില്ലാ ബസ് സർവ്വീസുകളും സിറ്റി- ലോക്കൽ ബസ് സർവ്വീസുകളും തുടങ്ങുന്നതിനായി നടപടി സ്വീകരിക്കുമോ;

(എഫ്) ആലപ്പുഴയിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും അന്തർ സംസ്ഥാന ബസ് സർവ്വീസുകളും അന്തർ ജില്ലാ ബസ് സർവ്വീസുകളും ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ എം.എൽ.എ. നൽകിയ നിവേദനങ്ങളിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) നിവേദനം പരിഗണിച്ച് ആവശ്യമായ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 29 ദീർഘദൂര സർവ്വീസുകൾ നടത്തുന്നുണ്ട്.

1.	06.5	-	ആലപ്പുഴ-കോയമ്പത്തൂർ	
2.	14.15	-	ആലപ്പുഴ-തിരുവനന്തപുരം	
3.	15.00		,,	,,
4.	16.15		,,	,,
5.	13.30		,,	കോട്ടയം
6.	04.30		,,	നെയ്യാറ്റിൻകര
7.	05.00		,,	എറണാകുളം-കായംകുളം
8.	06.00		,,	,, ,,
9.	06.30		,,	,, ,,
10.	07.00		,,	,, ,,
11.	07.30		,,	,, ,,
12.	08.00		,,	,, ,,
13.	08.30		,,	,, ,,
14.	05.30		,,	കായംകുളം-എറണാകുളം
15.	06.00		,,	,, ,,
16.	06.30		,,	,, ,,
17.	07.00		,,	,, ,,

LIBRARY ARCHIVES Kerala Legislative Assembly

18.	07.30	"	"	"
19.	08.00	"	"	"
20.	08.30	"	"	"
21.	06.00	ആലപ്പുഴ-ചങ്ങനാശ്ശേരി		
22.	06.25	"	ചെങ്ങന്നൂർ	
23.	07.00	"	ചങ്ങനാശ്ശേരി	
24.	07.20	"	ചെങ്ങന്നൂർ	
25.	07.15	"	ആറാട്ടുപുഴ-എറണാകുളം	
26.	08.00	"	റാന്നി	
27.	05.50	"	തകഴി-ഗുരുവായൂർ	
28.	15.20	"	തെങ്കാശി	
29.	07.00	"	പുന്ന-കുന്നത്തുശ്ശേരി എറണാകുളം	

(ബി) 2 എണ്ണം.

1.	06.05	ആലപ്പുഴ-കോയമ്പത്തൂർ	
2.	15.20	"	തെങ്കാശി

(സി) 65 എണ്ണം.

(ഡി) ഉണ്ട്.

(ഇ) ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിലുള്ള ഉടമ്പടി അനുസരിച്ച് മാത്രമേ അന്തർ സംസ്ഥാന സർവ്വീസുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. മറ്റു സർവ്വീസുകൾക്ക് ബസ്സിന്റെ കുറവ് നികത്തി യാത്രാക്ലേശം കുറയ്ക്കുന്നതിന് ശ്രമിക്കുന്നതാണ്.

(എഫ്)&(ജി) ആലപ്പുഴ ബസ് സ്റ്റേഷനിൽ നിന്നും 2 അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ 29 ദീർഘദൂര സർവ്വീസുകളും 65 സിറ്റി ലോക്കൽ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കോർപ്പറേഷന്റെ മറ്റു യൂണിറ്റുകളിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ധാരാളം സർവ്വീസുകൾ ആലപ്പുഴ വഴിയുണ്ട്. ആലപ്പുഴ എം.എൽ.എ. നൽകിയ നിവേദനം പരിഗണിച്ച് യാത്രാക്ലേശം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അയർകുന്നം-കൊഴുവനാൽ വഴി കോട്ടയം-പാല ബസ് സർവീസ്

65 (345) <u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-പാലാ-അയർകുന്നം-മണ്ണാമറ്റം, ..., കൊഴുവനാൽ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കണമെന്നുള്ള നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ആർ.ടി.സി. ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly